## 806

എൻയേശു എനിക്കായ് കരുതിടുമ്പോൾ-പിന്നെ
എനിക്കൊരു കുറവുമില്ലെൻ മനമേ

1 പാപികളിൽ പരമൻപു കലർന്നവൻ
പാരിതിൽ മനുസുതനായ് വന്നവൻ
ജീവനെത്തന്നവൻ ചാവിനെ വെന്നവൻ
ജീവനിലുയിർത്തവൻ വൈരിയെ തകർത്തവൻ-

2 കൂരിരുൾ വഴികളിലായി ഞാൻ വലയുകിൽ
കൂടെയു   ിനിയവനെന്നരികിൽ
കന്മഷമകറ്റും കണ്ണുനീർ തുടയ്ക്കും
കൈവിടാതൊടുവോളം നൽവഴിയിൽ നടത്തും-

3 സങ്കടത്തിൽ സഖിയും സർവ്വ സഹായിയും
സദ്ഗുരുനാഥനും നായകനും
എൻജീവയപ്പവുമൻപെഴുമപ്പനും
സർവ്വവുമെനിക്കവൻ സങ്കടമില്ലിനി-

4 വാനവും ഭൂമിയുമാകൃതി ചെയ്തവൻ
താനെനിക്കാശ്രയം ഭയമെന്തിന്നായ്?
വയലിലെ താമര വളരുവതില്ലയോ?
വാനിലെപ്പറവകൾ പുലരുവതില്ലയോ?-

5 പിമ്പിലുള്ളതിനെ ഞാൻ പൂർണ്ണമായ് മറന്നും
മുമ്പിലുള്ളതിന്നായിട്ടാഞ്ഞുകൊ   ും
പരമവിളിയുടെ ഫലമെഴും വിരുതിനെ
ക്കരുതിയെൻ ലാക്കിനെ നോക്കി ഞാനോടുമേ-

**M.E.C.**